(ബി) ആറ് മാസത്തിനകം പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

(സി) പണി പൂർത്തിയാക്കി വകുപ്പിന് കൈമാറി മറ്റ് സൗകര്യങ്ങൾ ഒരുക്കിയതിനുശേഷമേ രോഗികൾക്ക് തുറന്നുകൊടുക്കാൻ കഴിയുകയുള്ളു.

(ഡി) ജില്ലാ പഞ്ചായത്തിൽ നിന്ന് 272.5 ലക്ഷം രൂപയും എം.പി. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 85 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ അനുവദിക്കപ്പെട്ട അലോപ്പതി ഹെൽത്ത് സെന്റർ, ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ

114 [3166] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 1996 മുതൽ 2001 മേയ് മാസം വരെ അനുവദിക്കപ്പെട്ട അലോപ്പതി പ്രൈമറി ഹെൽത്ത് സെന്ററുകൾ, ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ, ആശുപത്രികൾ എന്നിവ എത്ര വീതമായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) 2001 മേയ് മുതൽ 2005 ഫെബ്രുവരി വരെയുള്ള കാലയളവിൽ കോഴിക്കോട് ജില്ലയിൽ അനുവദിക്കപ്പെട്ട അലോപ്പതി പ്രൈമറി ഹെൽത്ത് സെന്റർ, ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ എന്നിവ എത്ര വീതമാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 1996 മുതൽ 2001 മേയ് മാസംവരെ അലോപ്പതി മേഖലയിൽ 3 പ്രൈമറി ഹെൽത്ത് സെന്ററുകളും, ആയുർവേദ മേഖലയിൽ 14 ഡിസ്പെൻസറികളും ഒരു ആശുപത്രിയും 10 ഹോമിയോ സിസ്പെൻസറികളും അനുവദിച്ചിട്ടുണ്ട്.

(ബി) 2001 മേയ് മുതൽ 2005 ഫെബ്രുവരി വരെയുള്ള കാലയളവിൽ അലോപ്പതി മേഖലയിൽ പ്രൈമറി ഹെൽത്ത് സെന്റർ ഒന്നും തന്നെ അനുവദിച്ചിട്ടില്ല. ആയുർവേദ മേഖലയിൽ ഒരു ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ട്. ഹോമിയോ മേഖലയിൽ ഡിസ്പെൻസറികൾ ഒന്നുതന്നെ അനുവദിച്ചിട്ടില്ല.

കാസർഗോഡ് ജില്ലയിലെ ഉദുമ പി.എച്ച്.സി.-യിൽ ഐ.പി. യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി

115 [3167] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ പി.എച്ച്.സി.-യിൽ ഐ.പി. യൂണിറ്റ് ആരംഭിക്കുന്നതിന് ഏതൊക്കെ തസ്തികകളാണ് പുതുതായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly